**കേരള സർക്കാർ**

നമ്പർ. 73816/ആർ.ഡി.3/12/ത.സ്വ.ഭ.വ.

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്
തിരുവനന്തപുരം, തീയതി: 07.03.2013

# സർക്കുലർ

സർ,

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - മൊബൈൽ ടവർ നിർമ്മാണം പെർമിറ്റ് നൽകുന്നത് സംബന്ധിച്ച് കർശന നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന:-
1. 13-03-2009-ലെ 2750/ആർഡി2/09/തസ്വഭവ നമ്പർ സർക്കുലർ.
2. 10-08-2009-ലെ 2750(2)/ആർഡി2/09/തസ്വഭവ നമ്പർ സർക്കുലർ.
3. 16-05-2011-ലെ 25070/ആർഡി2/11/തസ്വഭവ നമ്പർ സർക്കുലർ.

മൊബൈൽ ടവർ സ്ഥാപിക്കുന്നതിനുള്ള പെർമിറ്റ് നൽകുന്നത് സംബന്ധിച്ച് സൂചനയിലെ സർക്കുലറുകൾ പ്രകാരം സർക്കാർ ചില നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി നിർദ്ദേശങ്ങൾ ലംഘിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്റ്റോപ്പ് മെമ്മോ നൽകി മൊബൈൽ ടവർ നിർമ്മാണം നിർത്തിവയ്ക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഈ നടപടി നിരുത്സാഹപ്പെടുത്തേണ്ടതാണ്. ആയതിനാൽ സൂചന (3) ലെ സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിനും ചട്ടങ്ങൾ പാലിക്കാതെ സ്റ്റോപ്പ് മെമ്മോ നൽകുന്ന നടപടി ഉണ്ടാകാൻ പാടില്ലെന്നും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുന്നു.

**വി. എസ്. സെന്തിൽ**
(പ്രിൻസിപ്പൽ സെക്രട്ടറി)

1. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന).
5. എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന).
6. എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പ്രതീക്ഷ ടവേഴ്സ്, പാങ്ങപ്പാറ, തിരുവനന്തപുരം.
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ